പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*368 19.03.2018-ൽ മറുപടിക്ക്

## പുതിയ ദേശീയ പാതകൾക്ക് അംഗീകാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, ടി.എ.അഹമ്മദ് കബീർ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ ദേശീയ പാതകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അംഗീകാരം ലഭിച്ച ദേശീയ പാതകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;<br><br>(ബി) ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;<br><br>(സി) പുതിയ ദേശീയ പാതകൾ യാഥാർത്ഥ്യമാകുന്നതിന്എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി) സംസ്ഥാനത്ത് 12 റോഡുകൾ ദേശീയ പാതയായി തത്വത്തിൽ (In Principle) പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ദേശീയ പാതകളുടെ സാധ്യതാ പഠനവും വിശദമായ പദ്ധതി രൂപ രേഖയും തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ട നടപടി പുരോഗമിച്ചു വരുന്നു. വിശദമായ പദ്ധതി രൂപ രേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്ര മന്ത്രാലയമാണ് പ്രസ്തുത റോഡുകളെ ദേശീയപാതയായി അംഗീകരിക്കേണ്ടത്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | സ്ട്രെച്ച് | ദൂരം (കി.മീ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ദേശീയപാത 47ൽ ആലപ്പുഴ മുതൽ ചങ്ങനാശ്ശേരി, വാഴൂർ വഴി ദേശീയപാത 220 ലെ 14-ാം മൈൽ വരെ | 48 | വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |
| 2 | ദേശീയപാത 183ലെ വിജയപുരം ജംഗ്ഷൻ മുതൽ ദേശീയപാത 85ലെ (പഴയ ദേശീയപാത 49) ഊന്നുകൽ ജംഗ്ഷൻ വരെ | 45 | വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |
| 3 | ദേശീയപാത 766 (പഴയ എൻ.എച്ച് 212)ൽ കൽപ്പറ്റ ജംഗ്ഷന് സമീപത്ത് നിന്നും മാനന്തവാടിയുമായി ബന്ധിപ്പിക്കുന്ന റോഡ് | 50 | വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |
| 4 | ദേശീയപാത 183എ അടൂർ ജംഗ്ഷന് സമീപമുള്ള ഭരണിക്കാവിൽ നിന്നും ആരംഭിച്ച് ദേശീയപാത 47 (പുതിയ എൻ.എച്ച് 66) ലെ ചവറ സമീപമുള്ള ടൈറ്റാനിയം ജംഗ്ഷൻ വരെ | 17 | പദ്ധതി രൂപ രേഖ തയ്യാറാക്കാനുള്ള ടെണ്ടറിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട് KITCO യുമായി കരാറിൽ ഏർപ്പെടാനുള്ള നടപടി എടുത്തുവരുന്നു. |
| 5 | ദേശീയപാത 183എ യിൽ ഇലവുങ്കൽ മുതൽ പമ്പയ്ക്ക് സമീപമുള്ള ളാഹയുമായി ബന്ധിപ്പിക്കുന്ന റോഡ് | 25 | പദ്ധതി രൂപ രേഖ തയ്യാറാക്കാനുള്ള ടെണ്ടറിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട് KITCO യുമായി കരാറിൽ ഏർപ്പെടാനുള്ള നടപടി എടുത്തു വരുന്നു. |
| 6 | കർണ്ണാടകയിലെ മടിക്കേരി മുതൽ വിരാജ്പേട്ട, മക്കൂട്ട റോഡിനെ കണ്ണൂരുമായി ബന്ധിപ്പിക്കുന്ന റോഡ് (കർണ്ണാടക - 45 കി.മീ) (കേരള - 55 കി.മീ) | 55 | വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |
| 7 | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനെ ദേശീയപാത 47ലെ കരമന - കളിയിക്കാവിള ഭാഗവുമായും, ദേശീയപാത 47(66) കഴക്കൂട്ടം - കാരോട് ബൈപ്പാസുമായും ബന്ധിപ്പിക്കുന്ന റോഡ് | 45 | വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |
| 8 | തിരുവനന്തപുരത്തെ തെൻമലയുമായി ബന്ധിപ്പിക്കുന്ന റോഡ് | 72 | വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. |
| 9 | ഹോസ്ദുർഗ്ഗ് നിന്നും പാണത്തൂർ ഭഗമണ്ഡല - കർണ്ണാടകയിലെ മടിക്കേരിയുമായി ബന്ധിപ്പിക്കുന്ന റോഡ് (കേരളം - 57 കി.മീ, കർണ്ണാടക - 53 കി.മീ) | 57 | M/s മുകേഷ് & അസോസിയേറ്റുമായി എഗ്രിമെന്റ് വച്ചു. |
| 10 | ചെർക്കള - കല്ലട റോഡ് (കേരള - 28 കി.മീ, കർണ്ണാടക - 23 കി.മീ) | 28 | M/s മുകേഷ് & അസോസിയേറ്റുമായി എഗ്രിമെന്റ് വച്ചു. |
| 11 | വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് (കേരള - 40 കി.മീ, കർണ്ണാടക - 22 കി.മീ) | 40 | വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി KITCO |

| | | | |
|---|---|---|---|
| | | | യെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| 12 | ദേശീയപാത 47ലെ കായംകുളം ജംഗ്ഷൻ മുതൽ ദേശീയപാത 183ലെ തിരുവല്ല ജംഗ്ഷൻ വരെ | 23 | പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി എടുത്തുവരുന്നു. |
| | ആകെ | 505 | |

S. Bindu

സെക്ഷൻ ഓഫീസർ